

THURSDAY 24-11-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


Chief Editor : Suraj S Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/11/2022.

1. കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി ഉടനടി പരിഹാരം കാണാനായി കൃഷിവകുപ്പ് നടപ്പിലാക്കുന്ന കൃഷി ദർശൻ പരിപാടി കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിൽ ഉൾപ്പെടുന്ന പിണറായി കൺവെൻഷൻ സെന്ററിൽ വച്ച് കേരള നിയമസഭ സ്പീക്കർ എ.എൻ ഷംസീർ (22.11.2022 -ന്) ഉദ്ഘാടനം ചെയ്തു. നാളികേരത്തിന്റെ ഉത്പാദനവും മൂല്യ വർധനവും അടിസ്ഥാനമായുള്ള കാർഷിക പ്രദർശനമാണ് പിണറായിയിൽ ഒരുക്കിയിട്ടുണ്ട്. മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വിപണി, നവ സംരംഭക നൂതന സാങ്കേതിക വിദ്യാ പ്രദർശനം, കാർഷിക യന്ത്രവൽക്കരണ രംഗത്തെ നൂതന ആശയങ്ങൾ എന്നിവ ദൃശ്യമാക്കുന്ന 50 ഇൽ പരം സ്റ്റാളുകൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

2. സംസ്ഥാന കടാശ്വാസ കമ്മീഷൻ വഴി കടാശ്വാസത്തിനായി കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വായ്പാ തീയതി **വയനാട്, ഇടുക്കി** ജില്ലയിലെ കർഷകർക്ക് **31.08.2018 എന്നത് 31.08.2020** വരെയും **മറ്റ് 12 ജില്ല**കളിലെ കർഷകർക്ക് **31.03.2014 എന്നത് 31.03.2016** വരെയും ദീർഘിപ്പിച്ചു. കർഷകർ സഹകരണ ബാങ്കുകളിൽ / സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്.

3. കൃഷി വിജ്ഞാനകേന്ദ്രം സി പി സി ആർ ഐ കാസർഗോഡ് നാളെ മുതൽ ഈ മാസം 30 വരെ (നവംബർ 25 മുതൽ 30 വരെ) നീണ്ടുനിൽക്കുന്ന സാങ്കേതിക വിദ്യാ വാരാഘോഷവും കാർഷികമേളയും (കൃഷിദർപ്പൻ 2022) നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിനോടനുബന്ധിച്ച് നൂതന കാർഷിക രീതികളും കാർഷിക അനുബന്ധ സാങ്കേതിക വിദ്യകൾ സംബന്ധിച്ച സെമിനാറുകളും കർഷകശാസ്ത്രജ്ഞ സംവാദങ്ങളും കാർഷിക പ്രദർശനവും സംഘടിപ്പിക്കുന്നു.

4. ആലപ്പുഴ ജില്ലയിലെ മണ്ണു പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡിസംബർ 5 ലോകമണ്ണ് ദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പെയിന്റിംഗ്, ഉപന്യാസം എന്നീ ഇനങ്ങളിൽ മത്സരം നടത്തുന്നു. പെയിന്റിംഗ് മത്സരത്തിൽ യു.പി, ഹൈസ്കൂൾ വിഭാഗത്തിലുള്ള കുട്ടികൾക്കും ഉപന്യാസ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മത്സരത്തിൽ യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിലുള്ള കുട്ടികൾക്കും മത്സരിക്കാവുന്നതാണ്. ചേർത്തല ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് ഈ മാസം 26-നാണ് (നവംബർ 26) മത്സരങ്ങൾ നടത്തുന്നത്. പങ്കെടുക്കാൻ താൽപര്യമുള്ളവർ നാളെ (നവംബർ 25-ന്) വൈകുന്നേരം 4 മണിക്ക് മുമ്പായി പേര് ഓഫീസിന്റെ മെയിൽ മുഖാന്തിരമോ, ഫോൺ വഴി നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ആലപ്പുഴ ഇന്ദിരാ ജംഗ്ഷന് പടിഞ്ഞാറുവശം പ്രവർത്തിക്കുന്ന ജില്ലാ മണ്ണുപര്യവേക്ഷണ ഓഫീസുമായോ **(0477-2236293**), മേഖലാ മണ്ണ് പരിശോധനാ ലാബുമായോ **(0477 2236294),** ആലപ്പുഴ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ മണ്ണ് സംരക്ഷണ ഓഫീസുമായോ **(0477 2254927**) ബന്ധപ്പെടുവാന്നതാണ്.

**പരിശീലന പരിപാടികൾ**

5. ഐ.സി.എ.ആർ. പത്തനംതിട്ട കെ.വി.കെ യുടെ ആഭിമുഖ്യത്തിൽ ഈ മാസം 25-ന് (നവംബർ 25) **ഫ്രോസൺ ടെൻഡർ ചക്ക ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള** പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 700/- രൂപ. ഇന്ന് (നവംബർ 24-ന് )വൈകിട്ട് 3 മണി വരെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** ഡിസംബർ 05 മുതൽ 09 വരെ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

7. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രവും താലൂക്ക് ദുരന്ത നിവാരണ സേനയും സംയുക്തമായി കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ ഈ മാസം 26-ന് (നവംബർ 26)

കോട്ടക്കൽ മുനിസിപ്പൽ ഹാളിൽ വെച്ച് നായപിടുത്ത പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9847140677** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

8. കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പ്ലാവ് ഉണങ്ങുന്ന പ്രശ്നം വളരെ വ്യാപകമായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇതിന്റെ പ്രധാന കാരണം മണ്ണിലൂടെ പകരുന്ന പലതരം കുമിളുകളാണ്.

**രോഗലക്ഷണം**

ഇലകൾ മഞ്ഞളിക്കുകയും കൊഴിയുകയും ചെടി മുഴുവനായും വാടി ഉണങ്ങുകയും ചെയ്യുന്നു എന്നതാണ്. സാധാരണയായി വലിയ മരങ്ങളാണ് മുഴുവനായും ഉണങ്ങിപോകുന്നത്.

**പ്രതിരോധ മാർഗങ്ങൾ**

മണ്ണിന്റെ ആരോഗ്യ പരിപാലനമാണ് ഇതിൽ പ്രധാനമായുള്ളത്.

മണ്ണിന്റെ രോഗപ്രതിരോധശേഷി പ്രധാനം ചെയ്യുന്നതിനായി PGPR Mix - II 20gm/ലിറ്റർ വെള്ളത്തിൽ കലക്കി തടം കുതിരെ മണ്ണിലൊഴിക്കുക.

ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം മണ്ണിൽ തടത്തിൽ ചേർത്ത് കൊടുക്കുക എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം നൽകണം.

രോഗബാധ കണ്ടാൽ അടുത്ത് നിൽക്കുന്ന മരങ്ങൾക്ക് രാസകുമിൾ നാശിനികളായ കാർബെൻഡാസിം 1 ഗ്രാം/ലിറ്റർ (carbendaizim 1g/litre) വെള്ളത്തിൽ അല്ലെങ്കിൽ സാഫ് 3 ഗ്രാം/ലിറ്റർ (SAAF 3g/litre) അല്ലെങ്കിൽ ഹെക്സാകൊണാസോൾ 1 മിലി/ലിറ്റർ (Hexaconazole 1ml/litre) വെള്ളത്തിൽ കലക്കി ഒരു മീറ്റർ അകലത്തിൽ കുഴികൾ എടുത്ത് അതിൽ കുതിരെ ഒഴിച്ച് കൊടുക്കാവുന്നതാണ്. ഇത് രോഗം തടയാൻ സഹായിക്കും.